Jefferson
A Heptiog ~~[illegible]~~ Sir



എ.ഡി.(1) 3292/2011

സഹകരണ ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം,
മെഡിക്കൽ കോളേജ് പി.ഒ.
തിരുവനന്തപുരം, തീയതി: 08-08-2011

## സർക്കുലർ നമ്പർ. 5/2011

വിഷയം:- സഹകരണ വകുപ്പ് – കേരള സഹകരണ സംഘം (ഭേദഗതി) നിയമം 2010 - ലാഭ വിഭജനം - ആഡിറ്റ് ഫീസ് ചുമത്തൽ - പ്രാബല്യം - പുതുക്കിയ സർക്കുലർ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:-
1. ആഡിറ്റ് ഡയറക്ടറുടെ 22/03/2011 ലെ 3/2011 നമ്പർ സർക്കുലർ
2. സർക്കാരിന്റെ 12/07/2011 ലെ 8020/B.1/2011/സഹ. നമ്പർ കത്ത്.
3. സഹകരണ സംഘം രജിസ്ട്രാറുടെ 28/07/2011 ലെ G(1)22833/2011 നമ്പർ കത്ത്.

1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 56 -ൽ 20% -ൽ അധികരിക്കാത്ത തുക ഡിവിഡന്റ് ആയി നൽകാമെന്നത് 25% -ൽ അധികരിക്കാതെ എന്നും, അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ട് 15% -ൽ നിന്നും 7% ആയി കുറച്ചുകൊണ്ടും 5% തുക പ്രൊഫഷണൽ എഡ്യുക്കേഷൻ ഫണ്ടിലേയ്ക്ക് മാറ്റണമെന്നും ഭേദഗതി ചെയ്തുകൊണ്ടും 28/04/2010 -ന് 14953/ലെ.ജി/ബി.2/09/ലാ നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. കൂടാതെ കേരള സഹകരണ സംഘം ചട്ടം 65(4)-ൽ പരമാവധി ചുമത്താവുന്ന ആഡിറ്റ് ഫീസ് 25000/- രൂപാ എന്നത് 1,00,000 (ഒരു ലക്ഷം രൂപ) ആയി ഉയർത്തി 02/11/2010 ലെ G.O.(P)172/2010/സഹ. പ്രകാരവും വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നു. 1969 ലെ കേരള സഹകരണ നിയമത്തിലും ചട്ടത്തിലും വരുത്തിയിട്ടുള്ള ഭേദഗതികൾക്കനുസൃതമായി പുതുക്കിയ നിരക്കുകൾക്ക് നിയമം/ചട്ടം പ്രാബല്യത്തിൽ വന്ന തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ 2010-2011 വർഷം മുതലുള്ള ആഡിറ്റുകൾക്ക് മാത്രമെ വകുപ്പ് 56 ലെയും ചട്ടം 65 ലെയും ഭേദഗതി ബാധകമാകു എന്നാണ് സൂചന ഒന്ന് സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ 1969 ലെ കേരള സഹകരണ നിയമത്തിലും ചട്ടത്തിലും വരുത്തിയിട്ടുള്ള ഭേദഗതികൾക്കനുസൃതമായി പുതുക്കിയ നിരക്കുകൾക്ക് നിയമം/ചട്ടം പ്രാബല്യത്തിൽ വന്ന തീയതി മുതൽ പ്രാബല്യമുണ്ടെന്നും, ആയതിനാൽ ടി ഭേദഗതികൾ നിലവിൽവന്നതിനുശേഷം നടത്തുന്ന മുൻകാല ആഡിറ്റുകൾക്ക് പുതുക്കിയ നിരക്ക് ബാധകമാണെന്നും ആഡിറ്റിൽ അതിനനുസൃതമായി മാറ്റങ്ങൾവരുത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു

മേൽ നിർദ്ദേശങ്ങൾ എല്ലാ ജോയിന്റ് ഡയറക്ടർമാരും കൃത്യമായി പാലിക്കേണ്ടതും, താലൂക്ക് തല അസിസ്റ്റന്റ് ഡയറക്ടർമാർ, മറ്റ് കൺകറന്റ് ആഡിറ്റർമാർ എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ഉടനടി നൽകേണ്ടതുമാണ്.

ഒപ്പ്
കെ.ജി. രാജു. ഐ.എ.എസ്
ഡയറക്ടർ, സഹകരണ ആഡിറ്റ്

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് ഡയറക്ടർ

1. സഹകരണ സംഘം രജിസ്ട്രാർ (ഉപരിപത്രം സഹിതം)
2. എല്ലാ ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർക്കും
3. ഡെപ്യൂട്ടി ഡയറക്ടർ, മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (മിൽമ)
4. ജോയിന്റ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ എല്ലാ അപ്ക്സ് ഫെഡറേഷനുകൾക്കും
5. സ്റ്റോക്ക് ഫയൽ
6. സ്പെയർ